നഗരപ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2004 മുതൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നാളിതുവരെ 16600-ൽപ്പരം നഗരവാസികൾ പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കളായി മാറിക്കഴിഞ്ഞിട്ടുണ്ട്.

(ബി) സബ്സിഡി നിരക്കിൽ ഗ്രോബാഗുകൾ നൽകുന്നതിനൊപ്പം തന്നെ ഗുണഭോക്താക്കൾക്ക് കൃഷി രീതികളെക്കുറിച്ചും, പരിപാലനം, വളപ്രയോഗം, രോഗകീടനിയന്ത്രണം എന്നിവയെക്കുറിച്ചും കൃഷി ഭവൻ തലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് നടത്തിവരുന്നുണ്ട്. കൂടാതെ പച്ചക്കറി കൃഷി സംബന്ധിച്ച് ലഘുലേഖകളും ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ 'സുരക്ഷിത പച്ചക്കറി കൃഷിക്ക് ഒരു മാർഗ്ഗരേഖ' എന്ന കൈപുസ്തകം നൽകിവരുന്നുണ്ട്.

നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ

132 (3100) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉൽപാദനത്തിന്റെ വിഷയത്തിൽ എക്സൈസ് വകുപ്പും കൃഷിവകുപ്പും തമ്മിൽ എന്തെങ്കിലും തർക്കം നിലവിലുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ നിയമനിർമ്മാണത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

ആറളം ഫാമിംഗ് കോർപ്പറേഷൻ

133 (3101) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറളം ഫാമിംഗ് കോർപ്പറേഷന്റെ ഭൂമിയിൽ നിലവിൽ ഏതെല്ലാം കൃഷികളാണ് നടത്തുന്നത് ; ഹോർട്ടികൾച്ചർ മിഷൻ എത്ര ഏക്കർ ഭൂമിയിൽ എന്തെല്ലാം കൃഷി നടത്തുന്നുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly